Annexure 10.44

**GOVERNMENT OF KERALA**

നം 27532/ഇ2/09/നി.വ.

നികുതി (ഇ) വകുപ്പ്
തിരുവനന്തപുരം
തിയതി:18.01. 2010

പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.എൻ.ആർ. വെങ്കടരമണി
ജനറൽ മാനേജർ, കാനറബാങ്ക്
& കൺവീനർ
എസ്.എൽ.ബി.സി. സെൽ
സർക്കിൾ ഓഫീസ്
കാനറാ ബാങ്ക് ബിൽഡിംഗ്,
പി.ബി. നമ്പർ 5604,
എം.ജി. റോഡ്, തിരുവനന്തപുരം 695039.

സർ,

വിഷയം: നികുതി വകുപ്പ് - രജിസ്ട്രേഷൻ - രജിസ്ട്രേഷൻ വകുപ്പ് SLBC സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 4-11-2009 ലെ റ്റി.എൽ.ബി. 38 1283 2009 കെഎം നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. 1958 ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ 168, 169 ചട്ടങ്ങളിലെ വ്യവസ്ഥകളനുസരിച്ച് അനുബന്ധം VII ൽ നിർദ്ദേശിക്കപ്പെട്ടിട്ടുളള മാതൃകയിലാണ് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുന്നത്. 1908 ലെ രജിസ്ട്രേഷൻ നിയമം 57 വകുപ്പനുസരിച്ചും, കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ 165 (1) ചട്ടമനുസരിച്ചും രജിസ്റ്ററുകളും സൂചക പത്രങ്ങളും പരിശോധിക്കാൻ അപേക്ഷകന് അധികാരമുണ്ട്. എന്നാൽ അപ്രകാരം ആഗ്രഹിക്കാത്ത പക്ഷം ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുളള

പരിശോധന ഓഫീസ് ജീവനക്കാർ തന്നെ നടത്തുന്നതും. പരിശോധനയിൽ കണ്ടെത്തുന്നതായ ബന്ധപ്പെട്ട വസ്തുവിനെ ബാധിക്കുന്ന എല്ലാ പ്രവർത്തികളും കുടിക്കടങ്ങളും ടി സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിക്കുന്നതുമാണ്. പരിശോധനാ ഫലത്തിന്റെ കാര്യത്തിൽ ഉള്ള തെറ്റുകൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയല്ല എന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റിന്റെ കുറിപ്പ് (3). തിരച്ചിൽ നടത്തുകയോ പരിശോധിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥനെയോ ഗുമസ്ഥനേയോ ബാദ്ധ്യത വിമുക്തമാക്കുന്നില്ല എന്ന് രജിസ്ട്രേഷൻ മാനുവൽ ഓർഡർ 544 (എ) യിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ബാദ്ധ്യത സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റിൽ ഭേദഗതി വരുത്തണമെന്ന സൂചന പ്രകാരമുള്ള ആവശ്യം പരിഗണനാർഹമല്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
എൻ. വടിവേൽ മുരുകൻ
ജോയിന്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ